LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമം നിറയെ കോഴി പദ്ധതി

139 (153) ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് "ഗ്രാമം നിറയെ കോഴി" പദ്ധതിപ്രകാരം എത്ര പഞ്ചായത്തുകളിൽ കോഴികളെ നൽകി എന്നും ഇതിനായി എത്ര രൂപ ചെലവഴിക്കേണ്ടിവന്നു എന്നും വ്യക്തമാക്കുമോ ;

(ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതിപ്രകാരം എത്ര തുക ചെലവഴിച്ചു ; ആർക്കെല്ലാമാണ് കോഴികളെ നൽകിയത് ; ഇവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) "ഗ്രാമം നിറയെ കോഴികൾ" പദ്ധതിപ്രകാരം 39 പഞ്ചായത്തുകളിൽ കോഴികളെ വിതരണം ചെയ്തിട്ടുണ്ട്. ആയതിന് 116.89 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കോഴി, തീറ്റ, മരുന്ന്, പരിശീലനം എന്നിവ അടക്കം മൊത്തം-205 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ചെങ്ങോട്ടുകാവ് പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 6.9 ലക്ഷം രൂപ ചെലവഴിച്ചു. ഇതിന്റെ ഗുണഭോക്താക്കളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

മൃഗസംരക്ഷണവകുപ്പിലെ ഫാം തൊഴിലാളികളുടെ വേതന വർദ്ധന

140 (154) ശ്രീ. എ. സി. മൊയ്തീൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണവകുപ്പിലെ ദിവസവേതനക്കാരായ ഫാം തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ തുക വർദ്ധിപ്പിക്കാൻവേണ്ടി സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) കാലതാമസം ഒഴിവാക്കി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.